## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5468** **01.07.2014** ൽ മറുപടിയ്ക്ക്

### ഖനനങ്ങൾക്ക് നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ചരൽമണ്ണ്, ചെങ്കല്ല്, കരിങ്കല്ല്, മണൽ എന്നിവ ഖനനം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് എന്തെല്ലാം നിയന്ത്രണങ്ങളും ഉപാധികളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമാനുസൃതമായ പെർമിറ്റോടുകൂടി മാത്രമേ സാധാരണ മണ്ണ്, ചെങ്കല്ല്, കരിങ്കല്ല്, മണൽ എന്നിവ ഖനനം ചെയ്യുവാനുള്ള അനുമതി നൽകാറുള്ളൂ. ഇതിന് വിപരീതമായി ഖനനം ചെയ്യുന്നവർക്കെതിരെ ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃതമായി നീക്കം ചെയ്യുന്ന ധാതുവിന്റെ റോയൽറ്റിയും കെ.എം. എം.സി.ചട്ടപ്രകാരം 5000 രൂപ പിഴയും ഈടാക്കുന്നുണ്ട്. ചരൽമണ്ണ്, ചെങ്കല്ല്, കരിങ്കല്ല് എന്നിവയുടെ ഖനനാനുമതിയ്ക്കായി അപേക്ഷിക്കുമ്പോൾ റവന്യൂ രേഖകളും (കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, ഭൂമി മറ്റ് ആവശ്യങ്ങൾക്കായി പതിച്ചു കൊടുത്തതല്ലെന്ന സർട്ടിഫിക്കറ്റ്) അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ടതാണ്. സാധാരണ മണൽ, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് ജില്ലാ കളക്ടറിൽ നിന്നുള്ള NOC കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ജിയോളജിസ്റ്റ് നിയമപ്രകാരമുള്ള സ്ഥല പരിശോധന നടത്തി ഖനനം അനുയോജ്യ മാണെന്ന് ബോദ്ധ്യപ്പെട്ടാൽ മുൻകൂർ റോയൽറ്റി ഈടാക്കി പെർമിറ്റ് അനുവദിക്കുന്നു. കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള പെർമിറ്റിന് പുറമേ എക്സ്പ്ലോസീവ് ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതപത്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഡി&ഒ ലൈസൻസ് എന്നിവ ആവശ്യമാണ്. |
| (ബി) | ഇത്തരം നിയന്ത്രണം മൂലം അനധികൃത ഖനനം തടയാൻ കഴിയുന്നുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിന് നിർമ്മാണ വസ്തുക്കൾ ലഭ്യമാക്കാൻ നിയന്ത്രണങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | നിയന്ത്രണം മൂലം സർക്കാർ പദ്ധതികൾ ഏതെങ്കിലും മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**